**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2692** **13-02-2024 - ൽ മറുപടിയ്ക്ക്**

**സിറ്റി ഗ്യാസ് വിതരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എച്ച്. സലാം,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ നടപ്പിലാക്കിവരുന്ന സിറ്റി ഗ്യാസ് വിതരണ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | കേരളത്തിൽ സിറ്റി ഗ്യാസ് വിതരണ പദ്ധതി നടപ്പിലാക്കുന്നതിന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ M/s AGP സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനെയും (AGPL); പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഷോളഗാസ്കോ ലിമിറ്റഡിനെയും എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ M/s ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡനെയുമാണ് (IOAGPL) പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (PNGRB) ചുമതലപ്പെടുത്തിയിരിക്കുന്നത്. പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിൽ (പി. എൻ. ജി. ആർ. ബി.) നിന്നും ലഭ്യമാക്കിയിട്ടുള്ള ലൈസൻസിന്റെ അടിസ്ഥാനത്തിൽ അനുവദിക്കപ്പെട്ട ഭൂമിശാസ്ത്രപരമായ പ്രദേശത്തു മാത്രമേ സിറ്റി ഗ്യാസ് പദ്ധതി സ്ഥാപിക്കുന്നതിനും പ്രകൃതിവാതകം നൽകുന്നതിനും സാധിക്കുകയുള്ളു.<br><br>തിരുവനന്തപുരം ജില്ലയിൽ A.G.P യുടെ കൊച്ചുവേളി പ്ലാന്റിൽ നിന്നും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ 24 വാർഡുകളിലും അണ്ടൂർക്കോണം, മംഗലാപുരം പഞ്ചായത്തുകളിലുമായി 6537 വീട്ടുകളിലും പദ്ധതി ആരംഭിച്ചു.<br><br>ആലപ്പുഴ ജില്ലയിൽ AGP യുടെ ചേർത്തല പ്ലാന്റിൽ നിന്നും വയലാർ, കഞ്ഞിക്കുഴി, മുഹമ്മ, തണ്ണീർമുക്കം, മണ്ണഞ്ചേരി, ആര്യാട് പഞ്ചായത്തുകളിലും, ചേർത്തല മുനിസിപ്പാലിറ്റിയിലുമായി 7887 വീട്ടുകളിലും പദ്ധതി ആരംഭിച്ചു.<br><br>ഇന്ത്യൻഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് സിറ്റി ഗ്യാസ് പദ്ധതിയുടെ ഭാഗമായി എറണാകുളം, പാലക്കാട്, മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നിവടങ്ങളിൽ സിറ്റി ഗേറ്റ് സ്റ്റേഷനും അവിടെ ഒഡോറൈസേഷൻ യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മേല്പറഞ്ഞ എല്ലാ ജില്ലകളിലും പ്രകൃതി വാതക പൈപ്പ് ലൈനുകൾ സ്ഥാപിക്കുകയും, CNG സ്റ്റേഷനുകളിലേക്കും ഗാർഹിക, വാണിജ്യ - വ്യവസായ സ്ഥാപനങ്ങളിലേക്കും പ്രകൃതി വാതകം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് |

<table>
<tr><td></td><td></td><td></td><td>എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷനിലും മുനിസിപ്പാലിറ്റികളായ കളമശേരി, തൃക്കാക്കര, മരട് എന്നിവിടങ്ങളിലും ഗാർഹിക കണക്ഷൻ നൽകി തുടങ്ങിയിട്ടുണ്ട്. താലൂക്കുകളായ കുന്നത്തുനാട്, ആലുവ, പറവൂർ എന്നിവിടങ്ങൾ CNG സ്റ്റേഷനുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട് .<br><br>കണ്ണൂർ ജില്ലയിലെ പഞ്ചായത്തുകളായ കൂടാളി, അഞ്ചരക്കണ്ടി, മുണ്ടേരി എന്നിവിടങ്ങളിൽ ഗാർഹിക കണക്ഷനുകൾ ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കണ്ണൂർ കോർപ്പറേഷനിലും, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയിലും, അജാനൂർ പഞ്ചായത്തിലും പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു .<br><br>മലപ്പുറം ജില്ലയിലെ മഞ്ചേരി മുനിസിപ്പാലിറ്റിയിൽ ഇതിനോടകം ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് കൂടാതെ കോട്ടക്കൽ, മലപ്പുറം എന്നി മുനിസിപ്പാലിറ്റികളിലും എടരിക്കോട് പഞ്ചായത്തിലും കണക്ഷനുകൾ നൽകുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><br>കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം പഞ്ചായത്തിൽ ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് കൂടാതെ പനങ്ങാട്, കിഴക്കോത്ത്, നന്മിണ്ട, നരിക്കുനി, ബാലുശ്ശേരി, കക്കൂര് എന്നീ പഞ്ചായത്തുകളിൽ കണക്ഷണനുകൾ നൽകുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു .<br><br>തൃശ്ശൂർ ജില്ലയിൽ കുന്നംകുളം മുൻസിപ്പാലിറ്റി, ചൊവന്നൂർ പഞ്ചായത്ത്, ഗുരുവായൂർ മുൻസിപ്പാലിറ്റി, ചാവക്കാട് മുൻസിപ്പാലിറ്റി എന്നിവിടങ്ങളിലും പാലക്കാട് ജില്ലയിൽ എലപ്പുള്ളി പഞ്ചായത്തിലും, പുതുശ്ശേരി പഞ്ചായത്തിലും സിറ്റി ഗ്യാസ് പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>വ്യാവസായിക, വാണിജ്യ, ഗാർഹിക യൂണിറ്റുകൾക്ക് കുറഞ്ഞ നിരക്കിൽ പ്രകൃതിവാതക ലഭ്യത ഉറപ്പുവരുത്താൻ ഈ പദ്ധതിയിലൂടെ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;</td><td>(ബി)</td><td>ഉണ്ട്.</td></tr>
<tr><td>(സി)</td><td>പ്രസ്തുത പദ്ധതിയ്ക്കായി പ്രതീക്ഷിക്കുന്ന ആകെ ചെലവ് എത്രയെന്നും ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അത് വെളിപ്പെടുത്തുമോ;</td><td>(സി)</td><td>തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ വിതരണ ചുമതലയുള്ള M/s AGP സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഇതുവരെയുള്ള ചിലവ് 276 കോടി രൂപയാണ്. പദ്ധതിക്ക് കമ്പനി പ്രതീക്ഷിക്കുന്ന ചിലവ് 2948 കോടി രൂപ.<br><br>എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വിതരണ ചുമതലയുള്ള M/s ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) സിറ്റി ഗ്യാസ് ഡിസ്ട്രിബൂഷൻ പദ്ധതിക്കായി നീക്കിവെച്ചിരിക്കുന്ന തുകയും ചിലവഴിച്ച തുകയും താഴെ രേഖപ്പെടുത്തിയിരിക്കുന്നു.<br><br><table><tr><td>ജോഗ്രഫിക്കൽ ഏരിയ</td><td>കമ്പനി നീക്കിവെച്ചിരിക്കുന്ന തുക</td><td>ഇതു വരെ ചിലവഴിച്ച തുക</td></tr><tr><td>എറണാകുളം</td><td>534 crores</td><td>411 crores</td></tr><tr><td></td><td></td><td></td></tr></table></td></tr>
</table>

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>തൃശ്ശൂർ, പാലക്കാട്</td><td>1572 crores</td><td>348 crores</td></tr>
<tr><td>മലപ്പുറം</td><td>986.39 crores</td><td>186 crores</td></tr>
<tr><td>കോഴിക്കോട്, വയനാട്</td><td>1028.53 crores</td><td>187 crores</td></tr>
<tr><td>കണ്ണൂർ, കാസർഗോഡ്, മാഹി</td><td>953.39 crores</td><td>218 crores</td></tr>
</table>
പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ വിതരണ ചുമതലയുള്ള M/s ഷോളഗാസ്കോ ലിമിറ്റഡിന്റെ ഇതുവരെയുള്ള ചിലവ് ഏകദേശം 75 കോടി രൂപയാണ്. പദ്ധതിക്ക് കമ്പനി പ്രതീക്ഷിക്കുന്ന ചിലവ് 900 കോടി രൂപ.
</td>
</tr>
<tr>
<td>(ഡി)</td>
<td>സിറ്റി ഗ്യാസ് വിതരണ പദ്ധതിയിലൂടെ എത്ര ഉപഭോക്താക്കൾക്ക് ഇതിനകം കണക്ഷൻ നൽകുന്നതിന് സാധിച്ചിട്ടുണ്ട്; എത്ര ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;</td>
<td>(ഡി)</td>
<td>
തിരുവനന്തപുരം ജില്ലയിൽ നിലവിൽ 6537 ഉപഭോക്താക്കൾക്കും ആലപ്പുഴ ജില്ലയിൽ 7887ഉപഭോക്താക്കൾക്കും ഇതിനകം കണക്ഷൻ നൽകിയിട്ടുണ്ട്. അടുത്ത 8 വർഷം കൊണ്ട് ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലായി ആകെ 18,51,111 കണക്ഷൻ നൽകുന്നതിനാണ് M/s AGP സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ലക്ഷ്യമിടുന്നത്.
എറണാകുളം ജില്ലയിൽ നിലവിൽ 41973-ൽ പരം വീടുകളിലും, 13 വ്യവസായ സ്ഥാപനങ്ങളിലും, 19 വാണിജ്യ സ്ഥാപനങ്ങളിലും ഗ്യാസ് കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് നിലവിൽ ഇൻഡസ്ട്രിയൽ കോറിഡോറുകളായ കളമശേരി , ഇടയാർ അങ്കമാലി, CSEZ തുടങ്ങിയ പ്രദേശങ്ങളിൽ പ്രകൃതി വാതകത്തിന്റെ ലഭ്യത M/s ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) കമ്പനി ഉറപ്പാക്കിയിട്ടുണ്ട്. അങ്കമാലി ഇൻഡസ്ട്രിയൽ ഏരിയയിലേക്കുള്ള വിതരണത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു
കോഴിക്കോട് ജില്ലയിൽ 694 -ൽ പരം വീടുകളിലും, 3 വാണിജ്യ സ്ഥാപനങ്ങളിലും കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ K.S.I.D.C യുടെ കിനാലൂരിലുള്ള ഇൻഡസ്ട്രിയൽ പാർക്കിലേക്ക് സിറ്റി ഗ്യാസിന്റെ കണക്ഷൻ നൽകുന്നതിനുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു.
കണ്ണൂർ ജില്ലയിൽ 782 -ൽ പരം വീടുകളിൽ ഗ്യാസ് കണക്ഷനുകൾ നൽക്കിയിട്ടുണ്ട്. നഗരപരിധിയിൽ ഉള്ള വാണിജ്യ സ്ഥാപനങ്ങളിലേക്ക് ഗ്യാസ് എത്തിക്കുനതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു
മലപ്പുറം ജില്ലയിൽ 302-ൽ പരം വീടുകളിൽ ഗ്യാസ് കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് മഞ്ചേരി - മലപ്പുറം മുനസിപ്പാലിറ്റിയിൽ വാണിജ്യ സ്ഥാപനങ്ങളിലും ഗ്യാസ് കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കക്കഞ്ചേരി കിൻഫ്രാ പാർക്കിലേക്ക് ഗ്യാസ് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
തൃശ്ശൂർ - പാലക്കാട് ജില്ലകളിൽ 3126 -ൽ പരം വീടുകളിൽ ഗ്യാസ് കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഒരു വ്യവസായ സ്ഥാപനത്തിനും രണ്ട് വാണിജ്യ സ്ഥാപനങ്ങളിലും ഗ്യാസ് കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഉൾപ്പെടുന്ന റൈസ് പാർക്ക്, K.S.I.D.C, D.I.C , KINFRA എന്നിവിടങ്ങളിൽ ഗ്യാസിന്റെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.
പി.എൻ.ജി.ആർ.ബി യുടെ അംഗീകാര പത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള കണക്കുകൾക്കനുസൃതമായി M/s ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ്
</td>
</tr>
</table>

| | | | |
|---|---|---|---|
| | | | ലിമിറ്റഡ് (IOAGPL) കമ്പനി ആകെ 17,67,672 ഗാർഹിക കണക്ഷനുകളും 618 CNG സ്റ്റേഷനുകളും സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ഇ) | പ്രസ്തുത പദ്ധതി എന്നേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ്പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | പി. എൻ. ജി. ആർ. ബി. യുടെ അംഗീകാര പത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള സമയപരിധിക്കു അനുസൃതമായി 2030 ഓട് കൂടി പരമാവധി ഉപഭോക്താക്കൾക്ക് പ്രകൃതി വാതകം എത്തിച്ചു കൊടുക്കുന്നതിനാണ് കമ്പനികൾ ശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ